# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് അമ്പത്തേഴ്

## മനുഷ്യവർഗത്തിന്റെ അവസാനത്തെ മത്സരവും വലിയ വെള്ളസിംഹാസനത്തിൽവച്ചുള്ള ന്യായവിധിയും

ഈ ദൂതിൽ നമുക്ക് മനുഷ്യവർഗത്തിന്റെ അവസാനത്തെ മത്സരത്തെക്കുറിച്ചും (20:7-10) വലിയ വെള്ളസിംഹാസനത്തിൽ വച്ചുള്ള ന്യായവിധിയെക്കുറിച്ചും ചിന്തിക്കാം (20:11-15). ആയിരം വർഷത്തിനുശേഷവും പുതിയ ആകാശവും പുതിയ ഭൂമിയും വരുന്നതിനുമുമ്പും ഇവ രണ്ടും സംഭവിക്കും. സഹസ്രാബ്ദരാജ്യത്തിലുള്ള എല്ലാറ്റിന്റെയും അവസ്ഥ മനോഹരമാണെങ്കിലും, മനുഷ്യവർഗത്തിനുള്ളിൽ അപ്പോഴും മത്സരപ്രകൃതം ഉണ്ടായിരിക്കും. പുനഃസ്ഥാപിക്കപ്പെട്ട മനുഷ്യവർഗത്തിൽ പോലും ഈ പ്രശ്നം ഉണ്ടായിരിക്കുമെന്ന് ദൈവം മുന്നറിയുന്നതുകൊണ്ട്, ആയിരം ആണ്ടു കഴിഞ്ഞതിനുശേഷം മനുഷ്യവർഗത്തെ പരീക്ഷിക്കുവാനായി ദൈവത്തിന് സാത്താനെ ഉപയോഗിക്കത്തക്കവണ്ണം, സഹസ്രാബ്ദത്തിന്റെ സമയത്ത് ദൈവം അപ്പോഴും സാത്താനെ അഗാധത്തിൽ സൂക്ഷിക്കും. ഈ പരീക്ഷ മുഖാന്തരം മനുഷ്യന്റെ മത്സരപ്രകൃതം തുറന്നുകാട്ടപ്പെടുകയും ശുദ്ധമാക്കപ്പെടുകയും ചെയ്യും. അങ്ങനെ, സഹസ്രാബ്ദത്തിനുശേഷം ഒന്നാമതായി നീക്കിക്കളയുന്നത് മനുഷ്യന്റെ മത്സരപ്രകൃതത്തെയായിരിക്കും.

ഇതിനെതുടർന്ന്, വെള്ളസിംഹാസനത്തിൽവച്ചുള്ള ന്യായവിധിക്കായി കാത്തിരിക്കുന്ന മരിച്ചുപോയ അവിശ്വാസികളുടെ സാഹചര്യത്തെയായിരിക്കും നീക്കംചെയ്യുന്നത്. വെള്ളസിംഹാസനത്തിൽവച്ചുള്ള ന്യായവിധി അവിശ്വാസികളോടും, മരണത്തോടും, മരണത്തെ പിടിച്ചുവയ്ക്കുന്ന പാതാളത്തോടും, ഭൂതങ്ങളോടും ഇടപെടും. അതുകൊണ്ട്, വചനത്തിന്റെ ഈ ഭാഗത്തിൽ പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും വരവിനുവേണ്ടിയുള്ള ഒരുക്കമെന്ന നിലയിൽ പ്രപഞ്ചത്തിലെ അവസാനത്തെ വെടിപ്പാക്കൽ നാം കാണുന്നു.

സഹസ്രാബ്ദത്തിനുമുമ്പ്, മഹാവേശ്യ, എതിർക്രിസ്തു, കള്ളപ്രവാചകൻ, ദുഷിച്ച ലൗകികശക്തികൾ എന്നീ നിരവധി കാര്യങ്ങൾ കൈകാര്യം ചെയ്യപ്പെടും. സഹസ്രാബ്ദകാലത്ത് കർത്താവ് തന്റെ ജനത്തിന്റ അപക്വതയോട് ഇടപെടും. നാം ദൈവത്തിന്റെ നിത്യജീവനിൽ അപക്വരും അപൂർണ്ണരുമാണെങ്കിൽ, നാം ദൈവത്തിന് ഒരു അപമാനമായിരിക്കും. ദൈവജനത്തിന്റെ അപക്വത വാസ്തവമായും അവന് ഒരു അപമാനമായതിനാൽ, സഹസ്രാബ്ദത്തിന്റെ സമയത്ത് ദൈവം തന്റെ ജനത്തെ ഈ ഈ അപമാനത്തിൽനിന്നും മോചിപ്പിക്കും.

സഹസ്രാബ്ദയുഗം പൂർണ്ണമായും തികവുള്ളതായിരിക്കുമെന്ന തെറ്റിദ്ധാരണ നിരവധി ക്രിസ്ത്യാനികൾ പിടിച്ചുകൊള്ളുന്നു. സഹസ്രാബ്ദം വരുമ്പോൾ, ദൈവത്തിന്റെ വ്യവസ്ഥയിലുള്ള സകലതും പൂർത്തിയാക്കപ്പെടുകയും തികഞ്ഞതാക്കപ്പെടുകയും ചെയ്തിട്ടുണ്ടാകുമെന്ന് ചില ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ പറഞ്ഞിട്ടുണ്ട്. ഈ ധാരണ കൃത്യമല്ലാത്തതാണെന്ന് നാം ശക്തമായി പ്രഖ്യാപിക്കണം. സഹസ്രാബ്ദരാജ്യത്തിന്റെ യുഗം അപ്പോഴും പഴയ ആകാശത്തിലും പഴയ ഭൂമിയിലുമാണ് സംഭവിക്കുന്നത്. ഒരു നിശ്ചിത രീതിയിൽ ജനത്തോട് ഇടപെടുവാൻ ദൈവം ഓരോ യുഗത്തെയും ഉപയോഗിക്കുന്നു. തന്റെ നിത്യനിവാസമെന്ന നിലയിൽ പുതിയ യെരൂശലേമിന്റെ കെട്ടുപണി എന്ന ഉദ്ദേശ്യത്തിനുവേണ്ടി തന്റെ ജനത്തെ തികഞ്ഞവരാക്കുവാനും, പൂർണ്ണരാക്കുവാനും, പക്വതയുള്ളവരാക്കുവാനും വ്യത്യസ്തമായ യുഗങ്ങളെ അവൻ ഉപയോഗിക്കുന്നു. എല്ലാ യുഗങ്ങളും ഈ ഉദ്ദേശ്യത്തിനുവേണ്ടിയാണ്. ആയിരം വർഷം എന്ന സഹസ്രാബ്ദം അവസാനത്തെ യുഗമായിരിക്കും. ഈ യുഗത്തിൽ ഇനിയും ചില ന്യൂനതകളോട് ഇടപെടേണ്ടതാവശ്യമാണ്. ഇക്കാരണത്താൽ, പുതിയ ആകാശവും പുതിയ ഭൂമിയും സഹസ്രാബ്ദത്തിനു മുമ്പല്ല, അതിനുശേഷമായിരിക്കും വരുക. അങ്ങനെ, പക്വതയില്ലാത്ത തന്റെ ജനത്തെ തികഞ്ഞവരാക്കുവാൻ സഹസ്രാബ്ദവും ദൈവത്താൽ ഉപയോഗിക്കപ്പെടുന്ന ഒരു യുഗമായിരിക്കും.

ഇപ്പോഴത്തെ യുഗത്തിൽ നിങ്ങൾ പക്വതയുള്ളവരാണെങ്കിൽ, നിങ്ങളുടെ പക്വതയ്ക്കായി അടുത്ത യുഗത്തിന്റെ ആവശ്യം നിങ്ങൾക്ക് ഉണ്ടായിരിക്കുകയില്ല. എന്നാൽ ഈ യുഗത്തിൽ നിങ്ങൾ പക്വതപ്പെടുന്നില്ലെങ്കിൽ, അടുത്തതിൽ നിങ്ങൾ പക്വതപ്പെടേണ്ടിവരും. ഇപ്പോഴത്തെ യുഗത്തിൽ ദൈവം നമുക്ക് തന്റെ ജീവൻ നല്കുകയും, നമുക്ക് അവന്റെ കൃപ പ്രദാനം ചെയ്യുകയും, പക്വതയിലേക്ക് വളരുവാൻ നമുക്കാവശ്യമായ പരിതസ്ഥിതിയെയും സാഹചര്യങ്ങളെയും ഒരുക്കുകയും ചെയ്യുന്നു. നമ്മെ വളരുവാൻ സഹായിക്കേണ്ടതിന് ഒന്നാം മരണത്തിന്റെ ബലഹീനത, രോഗം, ബുദ്ധിമുട്ട്, കഷ്ടപ്പാട് എന്നീ

കാര്യങ്ങളെപ്പോലും അവൻ ഉപയോഗിക്കുന്നു. എന്നാൽ ജീവനും, കൃപയും, പരിതസ്ഥിതിയും ഒരുക്കീട്ടുപോലും ഈ യുഗത്തിൽ നാം പക്വത പ്രാപിക്കുന്നില്ലെങ്കിൽ നമ്മെ പക്വതപ്പെടുത്തേണ്ടതിന് ദൈവം തന്റെ ജ്ഞാനത്തിൽ രാജ്യയുഗം എന്ന അവസാനത്തെ യുഗത്തെ ഉപയോഗിക്കും. പക്വതപ്പെട്ടവരും തികഞ്ഞവരുമായവർക്ക് സഹസ്രാബ്ദം ഒരു പ്രതിഫലവും ഒരു ആസ്വാദനവും ആയിരിക്കും. എന്നാൽ പക്വതപ്പെടാത്തവർക്ക് അത് ഒരു നഷ്ടവും ഒരു ഇടപെടലും ആയിരിക്കും.

പക്വതപ്പെടാത്ത വിശ്വാസികളെ ശിക്ഷണപ്പെടുത്തുവാനും ശിക്ഷിക്കുവാനും ദൈവം അവസാനത്തെ യുഗത്തിൽ രണ്ടാം മരണത്തോടു ബന്ധപ്പെട്ട കാര്യങ്ങളെപ്പോലും ഉപയോഗിക്കും. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള പുതിയ യെരൂശലേമിലേക്ക് പ്രവേശിക്കുവാൻ ഒരുക്കപ്പെടേണ്ടതിന് പക്വതയിലേക്കു വളരുവാൻ അവരെ നിർബന്ധിക്കുക എന്ന അനുലോമ ഉദ്ദേശ്യത്തോടെ അവൻ ഇതു ചെയ്യും. ഇപ്പോഴത്തെ യുഗത്തിൽ നമ്മിൽ അനേകരെ പക്വതയിലേക്കു വളരുവാൻ ദൈവം ഇടയാക്കിയതിനായി കർത്താവിനു സ്തോത്രം ചെയ്യാം. ഇപ്പോഴത്തെ ഈ യുഗത്തിൽ അവൻ കത്തോലിക്കാമതത്തോടും, യെഹൂദമതത്തോടും, എതിർക്രിസ്തുവിനോടും, കള്ളപ്രവാചകനോടും, ദുഷ്ടലോകശക്തികളോടും ഇടപെടും. അതിനുശേഷം, പക്വതപ്രാപിച്ചവർക്കുള്ള പ്രതിഫലമായി രാജ്യയുഗമായ സഹസ്രാബ്ദം വരും. ദൈവജനത്തിനിടയിൽ പക്വതപ്പെടാത്തവർ പക്വത പ്രാപിക്കേണ്ടതിന് സഹസ്രാബ്ദകാലത്ത് അവരോട് ഇടപെടും.

സഹസ്രാബ്ദത്തിനുശേഷം, മനുഷ്യവർഗത്തിന്റെ മത്സരപ്രകൃതം അപ്പോഴും സഹസ്രാബ്ദരാജ്യത്തിലെ പൗരന്മാരിൽ കാണപ്പെടുകയും, അതിനെ തുറന്നുകാട്ടുകയും ശുദ്ധമാക്കുകയും ചെയ്യേണ്ട ആവശ്യം ഉണ്ടായിരിക്കുകയും ചെയ്യും. കൂടാതെ, മരിച്ചുപോയ അവിശ്വാസികളോടും, മരണത്തോടും പാതാളത്തോടും, ഭൂതങ്ങളോടുമെല്ലാം ഇടപെടേണ്ടതായുണ്ട്. ഈ പ്രതിലോമകാര്യങ്ങളെല്ലാം അപ്പോഴും "ചവറ്റുകൊട്ടയിലേക്ക്" എറിഞ്ഞുകളയണം. അതുകൊണ്ട്, സഹസ്രാബ്ദകാലത്ത് ദൈവം പക്വതപ്പെടാത്ത വിശ്വാസികളെ അവരുടെ ലജ്ജയിൽനിന്ന് മോചിപ്പിച്ച് പക്വതയിലേക്കു കൊണ്ടുവരേണ്ടതിന് ശിക്ഷണംനൽകും. മത്സരികളായ മനുഷ്യവർഗത്തെ പരിക്ഷിക്കേണ്ടതിനും മനുഷ്യന്റെ മത്സരപ്രകൃതത്തെ ശുദ്ധമാക്കേണ്ടതിനും ആയിരം വർഷത്തിനുശേഷം സാത്താനെ തുറന്നുവിടുകയും ദൈവം അവനെ ഉപയോഗിക്കുകയും ചെയ്യും. ഇതിനുശേഷം, മരിച്ച അവിശ്വാസികളെയും ഭൂതങ്ങളെയും വലിയ വെള്ളസിംഹാസനത്തിൽവച്ച് ന്യായംവിധിക്കുകയും,

മരണവും പാതാളവും ഉൾപ്പെടെയുള്ള ഈ സകല പ്രതിലോമകാര്യങ്ങളെയും തീപ്പൊയ്കയെന്ന സാർവത്രിക "ചവറ്റുകൊട്ടയിലേക്ക്" തൂത്തുവാരുകയും ചെയ്യും. ആ സമയം, സർവപ്രപഞ്ചത്തിലുമുള്ള പ്രതിലോമപരമായ സകലതും തീപ്പൊയ്കയിലായിരിക്കുകയും, പുതിയ യെരൂശലേമിനോടുകൂടെ പുതിയ ആകാശവും പുതിയ ഭൂമിയും വരുകയും ചെയ്യും.

## I. മനുഷ്യവർഗത്തിന്റെ അവസാനത്തെ മത്സരം

### A. സാത്താനെ അവന്റെ കാരാഗൃഹത്തിൽനിന്ന് അഴിച്ചുവിടുന്നു

വാക്യം 7 പറയുന്നു, "പിന്നെ ആയിരമാണ്ട് പൂർത്തിയാകുമ്പോൾ, സാത്താനെ അവന്റെ കാരാഗൃഹത്തിൽനിന്ന് അഴിച്ചുവിടും." അഗാധം ഒരു താൽക്കാലിക കാരാഗൃഹം മാത്രമായിരിക്കും. നാം കണ്ടതുപോലെ, ആയിരം വർഷത്തിനുശേഷം, സാത്താനെ അവന്റെ കാരാഗൃഹത്തിൽനിന്ന് അഴിച്ചുവിടുകയും മനഷ്യവർഗത്തെ പരീക്ഷിക്കുവാൻ ദൈവം ഉപയോഗിക്കുകയും ചെയ്യും.

### B. ദൈവത്തോട് മത്സരിക്കുവാൻ സാത്താൻ രാഷ്ട്രങ്ങളെ വഞ്ചിക്കുന്നു

സാത്താൻ "ഭൂമിയുടെ നാലു കോണുകളിലുമുള്ള രാഷ്ട്രങ്ങളെ, ഗോഗിനെയും മാഗോഗിനെയും, യുദ്ധത്തിനായി ഒന്നിച്ചു കൂട്ടിവരുത്തുവാൻ തക്കവണ്ണം, അവരെ വഞ്ചിക്കുവാനായി പുറപ്പെട്ടുപോകും. അവരുടെ സംഖ്യ സമുദ്രത്തിലെ മണൽപോലെ ആകുന്നു" എന്ന് വാക്യം 8 പറയുന്നു. രാഷ്ട്രങ്ങൾ "ഭൂമിയിൽ പരക്കെ ചെന്നു വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളഞ്ഞു" (വാ. 9). ദൈവത്തോട് മത്സരിക്കുവാൻ സാത്താൻ ജാതികളെ വഞ്ചിക്കുമെന്ന് ഇവിടെ നാം കാണുന്നു. പ്രസന്നകരമായ ആയിരം വർഷക്കാലത്തിനുശേഷം രാഷ്ട്രങ്ങളിൽ ഇത്രയധികംപേർ ദൈവത്തോട് മത്സരിക്കുമെന്നും ദൈവത്തോട് യുദ്ധംചെയ്യുവാൻ പോകുമെന്നും വിശ്വസിക്കുവാൻ പ്രയാസമാണ്. എന്നിരുന്നാലും, അതങ്ങനെ തന്നെയായിരിക്കും. ഈ യുദ്ധം ഭൂമിയിലെ അവസാന യുദ്ധം, മനുഷ്യവർഗത്തിന്റെ അവസാന മത്സരം ആയിരിക്കും. മനുഷ്യവർഗം ആയിരം വർഷത്തേക്ക് പുനഃസ്ഥാപിക്കപ്പെടുമെങ്കിലും, അവന്റെ മത്സരപ്രകൃതം അപ്പോഴും നിലനിൽക്കും. അത് സാത്താന്റെ അവസാനത്തെ ദുഷ്പ്രേരണയാൽ തുറന്നുകാട്ടപ്പെടുകയും, മനുഷ്യവർഗത്തിന്റെ മേലുള്ള കർത്താവിന്റെ അവസാന ന്യായവിധിയാൽ ശുദ്ധീകരിക്കപ്പെടുകയും ചെയ്യും.

യെഹെസ്കേൽ 38:2-3-ഉം 39:1-2-ഉം അനുസരിച്ച് ഗോഗും മാഗോഗും റഷ്യയായിരിക്കണം. രോശ്, മേശെക്ക്, തൂബൽ എന്നിവയാൽ സൂചിപ്പിക്കപ്പെടുന്ന റഷ്യയും മോസ്കോയും റ്റൊബോൾസ്കും ആണ് ഗോഗും മാഗോഗുമെന്ന് യെഹെസ്കേൽ 38:2 ചൂണ്ടിക്കാണിക്കുന്നു. ഈ സ്ഥലങ്ങളെ "വടക്കെ അറ്റത്തുനിന്നാണെന്ന്" യെഹെസ്കേൽ 39:2 പ്രതിപാദിക്കുന്നു. ഗോഗിനെയും മാഗോഗിനെയും സംബന്ധിച്ച് യെഹെസ്കേൽ 38-ലും 39-ലും പ്രസ്താവിച്ചിരിക്കുന്നത് സഹസ്രാബ്ദത്തിനുമുമ്പ് സംഭവിക്കുകയും, വെളിപ്പാട് 20-ൽ അവയെ സംബന്ധിച്ചുള്ള വിവരണം സഹസ്രാബ്ദത്തിനുശേഷം സംഭവിക്കുകയും ചെയ്യും. ഭൂമിയുടെ നാലു കോണിലുമുള്ള രാഷ്ട്രങ്ങളെ സാത്താൻ വഞ്ചിക്കുന്നത് അവൻ ഗോഗിനെയും മാഗോഗിനെയും വഞ്ചിക്കുന്നതാണെന്ന് വെളിപ്പാട് 20:8 കാണിക്കുന്നു. ദൈവത്തോടുള്ള മനുഷ്യവർഗത്തിന്റെ അവസാനത്തെ മത്സരത്തിൽ ഗോഗും മാഗോഗും നേതൃത്വം വഹിക്കുകയും രാഷ്ട്രങ്ങൾ അനുഗമിക്കുകയും ചെയ്യുമെന്ന് ഇതു സൂചിപ്പിക്കുന്നു.

സാത്താൻ "ഭൂമിയുടെ നാലു കോണുകളിലുമുള്ള രാഷ്ട്രങ്ങളെ, ഗോഗിനെയും മാഗോഗിനെയും" വഞ്ചിക്കും എന്നതു ശ്രദ്ധിക്കുക. ഈ വാക്യം അനുസരിച്ച്, ഗോഗും മാഗോഗും ഭൂമിയുടെ നാലു കോണിലുമുള്ള രാഷ്ട്രങ്ങൾക്കു തുല്യമാണ്. എന്നാൽ ഗോഗും മാഗോഗും വാസ്തവത്തിൽ ഭൂമിയുടെ നാലു കോണിലുള്ള രാഷ്ട്രങ്ങളാണോ? അല്ല. അതുകൊണ്ട്, ഗോഗും മാഗോഗും സാത്താന്റെ ദുഷ്പ്രേരണയിൻകീഴിൽ ദൈവത്തോട് മത്സരിക്കുവാൻ രാഷ്ട്രങ്ങളുടെ ഇടയിൽ നേതൃത്വം എടുക്കും എന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു. ഇന്നത്തെ ലോകസാഹചര്യത്തെ നോക്കുക. എല്ലാ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും റഷ്യയുടെ, അഥവാ ഗോഗിന്റെയും മാഗോഗിന്റെയും, സ്വാധീനത്തിൻകീഴിലോ നിയന്ത്രണത്തിൻ കീഴിലോ ആണ്. മത്സരിക്കുവാൻ സാത്താൻ ഗോഗിനെയും മാഗോഗിനെയും പ്രേരിപ്പിക്കുമ്പോൾ, സകല കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും റഷ്യയെ അനുഗമിക്കുന്നതിനാൽ വാസ്തവത്തിൽ അവൻ ഭൂമിയുടെ നാലു കോണിലുമുള്ള രാഷ്ട്രങ്ങളെ മത്സരിക്കുവാനായി പ്രേരിപ്പിക്കും. അങ്ങനെ, അവളുടെ ശക്തമായ സ്വാധീനംനിമിത്തം ഒരു പ്രമുഖരാജ്യമായ റഷ്യ മറ്റു രാജ്യങ്ങളെ സ്വാധീനിക്കുകയും മത്സരത്തിൽ അവരെ നയിക്കുകയും ചെയ്യുമെന്ന് ഈ വാക്യം ചൂണ്ടിക്കാണിക്കുന്നു. മനുഷ്യന്റെ മത്സരപ്രകൃതം അവന്റെ ആളത്തത്തിൽ ആഴമായി വേരൂന്നിയിരിക്കുന്നതുകൊണ്ട്, ആയിരമാണ്ടിനു ശേഷവും അതിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കും. ഭൂമിയുടെ ഏതു ഭാഗത്തിലാണ് ജനം ദൈവത്തോട് ഏറ്റവും കൂടുതലായി മത്സരിക്കുന്നത്? തീർച്ചയായും റഷ്യ എന്നാണ് ഉത്തരം. ഈ വിഷയത്തെ സംബന്ധിച്ച് വേദപുസ്തകം നമ്മെ

അജ്ഞതയിൽ വിട്ടുകളയുന്നില്ല. ഇന്നത്തെ ലോകസാഹചര്യത്തിന്റെ വെളിച്ചത്തിൽ നാം വേദപുസ്തകം ശ്രദ്ധയോടെ വായിക്കുമെങ്കിൽ, നാം ദൈവത്തെ ആരാധിക്കും. മനുഷ്യവർഗത്തിന്റെ മത്സരത്തിന്റെ ഉറവിടം വടക്കേ അറ്റത്ത്, റഷ്യയിലെ ഗോഗിന്റെയും മാഗോഗിന്റെയും ദേശത്തിലാണെന്ന് വേദപുസ്തകം വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു. ദൈവത്തോടുള്ള മത്സരചിന്ത ഭൂമിയുടെ ഈ ഭാഗത്തിലെ ജനത്തിലാണ് ആഴത്തിൽ വേരൂന്നിയിരിക്കുന്നത്.

ഭൂമിയുടെ ഈ ഭാഗത്തെയാണ് വെളിപ്പാട് പുസ്തകം "മൂന്നാം ഭാഗം" എന്നു വിളിച്ചിരിക്കുന്നത് എന്നു ഞാൻ വിശ്വസിക്കുന്നു (8:7). അമ്പതു വർഷങ്ങൾക്കുമുമ്പ് ഞാൻ വേദപുസ്തകത്തിലെ പ്രവചനങ്ങളുമായി സുപരിചിതനായിത്തീർന്നുവെങ്കിലും, അവയിൽ മിക്കതിന്റെയും നിറവേറൽ ഞാൻ കണ്ടിരുന്നില്ല. എന്നാൽ ഇന്ന് നിരവധി പ്രവചനങ്ങൾ നിവർത്തിയായിക്കഴിഞ്ഞിരിക്കുന്നു. ഒരുപക്ഷേ ഒരു ചെറിയ കാലയളവിൽ ഇനിയും അധികം പ്രവചനങ്ങൾ നിവർത്തിക്കപ്പെടും. വേദപുസ്തകത്തിലെ പ്രവചനങ്ങളെ സംബന്ധിച്ച എന്റെ പഠനമനുസരിച്ച്, ഭൂമിയിൽ ഇന്ന് വളരെ ഇരുണ്ടതായ മൂന്നാം ഭാഗം എന്ന ഒരു ഭാഗം ഉണ്ട്. ആയിരമാണ്ടിനു ശേഷവും ഭൂമിയുടെ ഈ ഭാഗത്തിലുള്ള ജനം ദൈവത്തോട് മത്സരിക്കുവാൻ സാത്താനോടു ചേരും. ദൈവത്തോട് മത്സരിക്കുന്നവരുടെ എണ്ണം "സമുദ്രത്തിലെ മണൽപോലെ" ആയിരിക്കും. ഏതു രാജ്യത്തിന് ഇത്ര വലിയൊരു കൂട്ടം ജനത്തെ എഴുന്നേല്പിക്കുവാൻ കഴിയും? തീർച്ചയായും ഉത്തരം റഷ്യയും അവളുടെ സ്വാധീനത്തിൻകീഴിലുള്ള കമ്മ്യൂണിസ്റ്റു രാജ്യങ്ങളും എന്നാണ്. കമ്മ്യൂണിസ്റ്റു രാജ്യങ്ങൾക്ക് ജനത്തെ ഇളക്കുവാൻ ഒരു രീതിയുണ്ട്; അവർ ഈ അവസാനത്തെ യുദ്ധത്തിനുവേണ്ടി അവരുടെ ജനത്തെ ഒരുമിച്ചു കൂട്ടിവരുത്തും.

രാഷ്ട്രങ്ങൾ വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയുമെന്ന് വാക്യം 9 പറയുന്നു. വിശുദ്ധന്മാരുടെ പാളയം ഭൂമിയിൽ പാളയമടിച്ചിരിക്കുന്ന സ്വർഗീയസൈന്യമായ (19:14) ജയാളികളായ വിശുദ്ധന്മാരുടെ താമസസ്ഥലമാണ്. സ്വർഗീയസൈന്യമായ നാം അവിടെ പാളയമടിച്ചിരിക്കുമ്പോൾ ഗോഗിന്റെയും മാഗോഗിന്റെയും സ്വാധീനത്തിൻകീഴിലുള്ള രാഷ്ട്രങ്ങൾ നമ്മെ ആക്രമിക്കും. പ്രിയനഗരം യിസ്രായേലിന്റെ ശേഷിപ്പിന്റെ വാസസ്ഥലമായ യെരൂശലേം നഗരമാണ്. ജയാളികളായ വിശ്വാസികളും യിസ്രായേലിന്റെ ശേഷിപ്പും സഹസ്രാബ്ദത്തിൽ ഭൂമിയിൽ ദൈവത്തോടുകൂടെയും ദൈവത്തിനുവേണ്ടിയും നിൽക്കുന്ന ദൈവത്തിന്റെ വിശ്വസ്തരായ ജനമായിരിക്കും. സഹസ്രാബ്ദത്തിന്റെ അന്ത്യത്തിൽ, സാത്താൻ ഏറ്റവും വടക്കേ അറ്റത്തുള്ള ഭാഗങ്ങളിൽനിന്നും അവരെ ആക്രമിക്കുവാനായി മത്സരികളായ മനുഷ്യവർഗത്തെ പ്രേരിപ്പിക്കും. വിശുദ്ധന്മാരുടെ പാളയവും പ്രിയനഗരവും എന്ന ഈ രണ്ടു സ്ഥലങ്ങളെ സാത്താൻ എത്രമാത്രം

വെറുക്കും! എന്നാൽ സ്വർഗത്തിൽനിന്നും തീ ഇറങ്ങിവരികയും മത്സരികളെ വിഴുങ്ങിക്കളയുകയും ചെയ്യും. ഈ ആക്രമണത്തെ കർത്താവ് എളുപ്പം പരാജയപ്പെടുത്തും എന്നതിനാൽ കർത്താവിനെ സ്തുതിക്കാം!

### C. സാത്താനെ തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളയുന്നു.

വാക്യം 10 പറയുന്നു, "അവരെ വഞ്ചിച്ച പിശാചിനെ, മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളഞ്ഞു; അവർ എന്നെന്നേക്കും പകലും രാത്രിയും ദണ്ഡനം സഹിക്കും." തീപ്പൊയ്ക പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കപ്പെട്ടതാണ് (മത്താ. 25:41). എന്നാൽ മൃഗത്തെയും, കള്ളപ്രവാചകനെയും, മത്തായി 25-ലെ "കോലാടുകളെയും" പിശാചിനെക്കാൾ ആയിരം വർഷം മുമ്പുതന്നെ അതിലേക്ക് എറിഞ്ഞുകളയും (19:20). ആയിരം വർഷത്തിനുശേഷം പിശാചിനെയും അവിടേക്ക് എറിഞ്ഞുകളയും. സഹസ്രാബ്ദത്തിനുശേഷം മനുഷ്യവർഗത്തിന്റെ മത്സരപ്രകൃതം ശുദ്ധമാക്കപ്പെടുകയും, സാത്താനെ തീപ്പൊയ്കയിലേക്കു എറിഞ്ഞുകളയുകയും ചെയ്യും.

അവസാനത്തെ മത്സരത്തിൽ എല്ലാ രാഷ്ട്രങ്ങളും പങ്കെടുക്കുകയില്ല. ദൈവത്തോടു മത്സരിക്കാത്ത സഹസ്രാബ്ദരാജ്യത്തിലെ പൗരന്മാരെ പുതിയ ആകാശത്തിലേക്കും പുതിയ ഭൂമിയിലേക്കും അവിടത്തെ രാഷ്ട്രങ്ങളായിത്തീരുവാൻ സ്ഥലംമാറ്റും. പുതിയ യെരൂശലേമിനുചുറ്റുമുള്ള രാഷ്ട്രങ്ങളെക്കുറിച്ച് വെളിപ്പാട് 21:24-27 സംസാരിക്കുന്നു. ഈ രാഷ്ട്രങ്ങളിൽനിന്നും അവരുടെ മത്സരപ്രകൃതം പൂർണമായി നീക്കിക്കളയപ്പെടും. ഇത് എത്ര മഹത്തായ വെടിപ്പാക്കലായിരിക്കും! സഹസ്രാബ്ദത്തിന്റെ അന്ത്യത്തിൽ, ദൈവജനത്തിന്റെ അപക്വത ഇല്ലാതാക്കപ്പെടുകയും, മനുഷ്യവർഗത്തിന്റെ മത്സരപ്രകൃതം നീക്കിക്കളയപ്പെടുകയും, സാത്താൻ തീപ്പൊയ്കയിലേക്ക് എറിയപ്പെടുകയും ചെയ്യും. മരിച്ചുപോയ അവിശ്വാസികളോടും മരണത്തോടും പാതാളത്തോടും ഭൂതങ്ങളോടും മാത്രമേ ഇനിയും ഇടപെടുവാൻ ഉണ്ടായിരിക്കുകയുള്ളൂ. ഇത് വലിയ വെള്ളസിംഹാസനത്തിൽവച്ച് സംഭവിക്കും.

Mon

## II. വലിയ വെള്ളസിംഹാസനത്തിൽവച്ചുള്ള ന്യായവിധി

### A. കർത്താവിന്റെ ന്യായവിധി നീതി ഉള്ളതാണെന്ന് വലിയ വെള്ളസിംഹാസനം സൂചിപ്പിക്കുന്നു

വാക്യം 11 പറയുന്നു, "പിന്നെ ഞാൻ വലിയോരു വെള്ളസിംഹാസനവും അതിന്മേൽ ഇരിക്കുന്നവനെയും കണ്ടു,

ഭൂമിയും ആകാശവും അവന്റെ സന്നിധിയിൽനിന്ന് ഓടിപ്പോയി, അവയ്ക്ക് ഒരു ഇടവും കണ്ടില്ല." ഇവിടെ വെള്ള നീതിയെ സൂചിപ്പിക്കുന്നു. കർത്താവിന്റെ ന്യായവിധിക്കുവേണ്ടിയുള്ള അവന്റെ വലിയ സിംഹാസനം നീതിയുള്ളതാണെന്ന് ഇത് സൂചിപ്പിക്കുന്നു.

## B. സിംഹാസനത്തിന്മേൽ ഇരിക്കുന്നവൻ

ക്രിസ്തു ആണ് വലിയ വെള്ളസിംഹാസനത്തിന്മേൽ ഇരിക്കുന്നവൻ. വാക്യം 11-ലെ "ഇരിക്കുന്നവൻ" കർത്താവായ യേശു ആയിരിക്കണം. പിതാവായ ദൈവം "സകല ന്യായവിധിയും പുത്രന് നൽകിയിരിക്കുന്നു" (യോഹ. 5:22); ജീവിക്കുന്നവർക്കും മരിച്ചവർക്കും ന്യായാധിപതിയായിരിക്കുവാൻ അവൻ നിയുക്തനാക്കപ്പെട്ടുമിരിക്കുന്നു (പ്രവൃ. 10:42; 17:3; 2 തിമൊ. 4:1; റോമ. 2:16). സഹസ്രാബ്ദത്തിനുമുമ്പ്, ജീവിച്ചിരിക്കുന്നവരുടെ ന്യായാധിപതിയായ കർത്താവിനെക്കുറിച്ച് മത്തായി 25:31-46 സംസാരിക്കുന്നു. ഇവിടെ, സഹസ്രാബ്ദത്തിനുശേഷം, കർത്താവ് മരിച്ചവരുടെ ന്യായാധിപതിയാണ്.

## C. ഭൂമിയും ആകാശവും ഓടിപ്പോകുന്നു

സിംഹാസനത്തിൽ ഇരിക്കുന്നവന്റെ സന്നിധിയിൽനിന്ന് ഭൂമിയും ആകാശവും ഓടിപ്പോകുമെന്നും അവയ്ക്കൊരു ഇടവും കണ്ടില്ലെന്നും വാക്യം 11 പറയുന്നു. പഴയ ആകാശവും പഴയ ഭൂമിയും മാറ്റപ്പെടും (എബ്രാ. 1:11-12). പഴയ ആകാശം ഒഴിഞ്ഞുപോകുകയും, മൂലപദാർഥങ്ങൾ ഉരുകിപ്പോകുകയും, ഭൂമി എരിഞ്ഞുപോകുകയും ചെയ്യും (2 പത്രൊ. 3:10).

## D. മരിച്ച അവിശ്വാസികൾ ന്യായംവിധിക്കപ്പെടുന്നു

വാക്യം 12 പറയുന്നു, "വലിയവരും ചെറിയവരുമായ, മരിച്ചവർ സിംഹാസനത്തിനു മുമ്പാകെ നിൽക്കുന്നത് ഞാൻ കണ്ടു; ചുരുളുകൾ തുറന്നു, ജീവന്റെ പുസ്തകം എന്ന മറ്റൊരു ചുരുളും തുറന്നു. ചുരുളുകളിൽ എഴുതിയിരുന്ന അവരുടെ പ്രവൃത്തികൾക്കൊത്തവണ്ണം മരിച്ചവരെ ന്യായംവിധിച്ചു." മരിച്ചവർ ഉയിർപ്പിക്കപ്പെട്ടുവെന്ന് ഇവിടത്തെ *നിൽക്കുന്നു* എന്ന പദം സൂചിപ്പിക്കുന്നു. ഇത് സഹസ്രാബ്ദത്തിനുശേഷമുള്ള ന്യായവിധിയുടെ പുനരുത്ഥാനം എന്ന അവിശ്വാസികളുടെ പുനരുത്ഥാനം ആണ് (യോഹ. 5:28-29; 1 കൊരി. 15:23-24). മരിച്ചപോയ അവിശ്വാസികൾ പുസ്തകങ്ങളിൽ അഥവാ ചുരുളുകളിൽ എഴുതിയിരിക്കുന്ന കാര്യങ്ങളാൽ വിധിക്കപ്പെടും. ഈ ചുരുളുകൾ അവിശ്വാസികളുടെ പ്രവൃത്തികളുടെ, ചെയ്തികളുടെ, രേഖകളാണ്; അതിനൊത്തവണ്ണം

അവർ വിധിക്കപ്പെടും. തുറന്നിരിക്കുന്ന ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകം വിശ്വാസികളുടെ പേരുകളുടെ രേഖയാണ് (13:8; 17:8; ലൂക്കൊ. 10:20). അവിശ്വാസികൾ അവരുടെ പ്രവൃത്തികൾക്കനുസരിച്ച് പുസ്തകങ്ങളിൽ എഴുതിയിരിക്കുന്ന കാര്യങ്ങളാൽ വിധിക്കപ്പെടും. അവർ പറഞ്ഞിട്ടുള്ളതും ചെയ്തിട്ടുള്ളതുമായ എല്ലാം ഈ ചുരുളുകളിൽ എഴുതിയിട്ടുണ്ട്. മത്തായി 12:36-ൽ കർത്താവായ യേശു പറഞ്ഞു, "മനുഷ്യർ സംസാരിക്കുന്ന സകല വെറുംവാക്കിനും ന്യായവിധിയുടെ ദിവസത്തിൽ അതെക്കുറിച്ച് അവർ കണക്കു ബോധിപ്പിക്കും." ഓരോ വെറുംവാക്കും രേഖപ്പെടുത്തിയിട്ടുണ്ട്. സാർവത്രിക ടേപ് റെക്കോർഡർ മനുഷ്യർ പറയുന്ന ഓരോ വാക്കും രേഖപ്പെടുത്തുന്നു. വലിയ വെള്ളസിംഹാസനത്തിൽവച്ച് ചുരുളുകൾ തുറക്കുമ്പോൾ മരിച്ചുപോയ അവിശ്വാസികളോട് കർത്താവു പറയും, "ഇതാണ് നിങ്ങൾ പറഞ്ഞതും, ഇതാണ് നിങ്ങൾ ചെയ്തതും." സകല വായും അടഞ്ഞിരിക്കും. ദൈവം ദൈവമാണ്; അവൻ എല്ലാവരെയും ശ്രദ്ധിക്കും.

## E. ഭൂതങ്ങൾ വിധിക്കപ്പെടുന്നു

"സമുദ്രം അതിലുണ്ടായിരുന്ന മരിച്ചവരെ വിട്ടുകൊടുത്തു" എന്ന് വാക്യം 13 പറയുന്നു. കടലിൽ മുങ്ങിമരിച്ചവരായ അവിശ്വാസികൾ പാതാളത്തിലുള്ളവരിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ, സമുദ്രം ഏല്പിച്ചുകൊടുത്ത മരിച്ചവർ ഏതെങ്കിലും അവിശ്വാസികളായ മനുഷ്യരായിരിക്കയില്ല; അവർ ആദാമിനു മുമ്പുള്ള യുഗത്തിലെ ജീവികളുടെ ആത്മാക്കൾ, ഈ യുഗത്തിലെ ഭൂതങ്ങൾ, ആയിരിക്കാം (മത്താ. 8:31-32; 12:43). ഇന്നത്തെ ഭൂതങ്ങൾ അവിശ്വാസികളായ മനുഷ്യരോടുകൂടെ വലിയ വെള്ളസിംഹാസനത്തിൽവച്ച് വിധിക്കപ്പെടും എന്ന് ഇത് സൂചിപ്പിക്കുന്നു.

മനുഷ്യവർഗം മാത്രമല്ല, ഭൂതങ്ങളും വലിയ വെള്ളസിംഹാസനത്തിൽവച്ച് വിധിക്കപ്പെടുമെന്ന് കേൾക്കുമ്പോൾ നിങ്ങൾ ഞെട്ടുന്നുണ്ടാകും. വേദപുസ്തകത്തെ അറിയുന്നത് ലളിതമായ ഒരു കാര്യമല്ലെന്ന് ഞാൻ പിന്നെയും പറയുന്നു. സമുദ്രം ഏല്പിച്ചുകൊടുത്ത മരിച്ചവർ കടലിൽ മുങ്ങിമരിച്ചവരാണെന്ന് ക്രിസ്ത്യാനികളായ മിക്ക വായനക്കാരും ചിന്തിക്കുന്നു. എന്നാൽ കടലിൽ മുങ്ങിമരിച്ചവർ തീർച്ചയായും മരണവും പാതാളവും ഏല്പിച്ചുകൊടുത്തവരിൽ ഉൾപ്പെടുന്നു. "മരണവും പാതാളവും അവയിലുണ്ടായിരുന്ന മരിച്ചവരെയും വിട്ടുകൊടുത്തു" എന്നും വാക്യം 13 പറയുന്നത് ശ്രദ്ധിക്കുക. സമുദ്രം ഏല്പിച്ചുകൊടുത്ത മരിച്ചവർ മറ്റൊരു തരം ജീവികളായിരിക്കണമെന്ന് ഇതിനാൽ നാം കാണുന്നു. ആദാമിനുമുമ്പുള്ള യുഗത്തിൽ ആത്മാക്കളോടുകൂടിയ ചില ജീവികൾ ഉണ്ടായിരുന്നു എന്ന് ഉല്പത്തിപുസ്തകത്തിന്റെ

ജീവ-പഠനത്തിലെ രണ്ടാമത്തെ ദൂതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. സാത്താന്റെയും അവന്റെ മത്സരത്തിൽ അവനെ അനുഗമിച്ചവരുടെയുംമേലുള്ള ദൈവത്തിന്റെ ന്യായവിധിക്കുശേഷം ഈ ജീവികൾ ഭൂതങ്ങളായിത്തീരുകയും, സമുദ്രം അവയുടെ വാസസ്ഥലമായിത്തീരുകയും ചെയ്തു. ഇക്കാരണത്താലാണ് ഭൂതങ്ങൾ പന്നികളെ സമുദ്രത്തിലേക്കു പാഞ്ഞുപോകുമാറാക്കിയത് (മത്താ. 8:31-32). അങ്ങനെ, സമുദ്രം എല്ലാ ഭൂതങ്ങളെയും ഏല്പിച്ചുകൊടുക്കുകയും, അവ വലിയ വെള്ളസിംഹാസനത്തിൽവച്ച് ന്യായംവിധിക്കപ്പെടുകയും ചെയ്യും.

## F. മരണവും പാതാളവും തീപ്പൊയ്കയിലേക്ക് എറിയപ്പെടുന്നു

വാക്യം 14 പറയുന്നു, "മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളഞ്ഞു. ഇതാകുന്നു തീപ്പൊയ്ക എന്ന രണ്ടാമത്തെ മരണം." തീപ്പൊയ്ക സർവപ്രപഞ്ചത്തിനും വേണ്ടിയുള്ള "ചവറ്റുകൊട്ട" ആണ്, അതിലേക്ക് മരണവും പാതാളവും ഉൾപ്പെടെയുള്ള സകല പ്രതിലോമ കാര്യങ്ങളെയും എറിഞ്ഞുകളയും. കർത്താവിനാൽ നശിപ്പിക്കപ്പെടുന്ന അവസാനത്തെ ശത്രുവാണ് മരണം (1 കൊരി. 15:26).

അവിശ്വാസികളുടെ കാര്യത്തിൽ, ഒന്നാം മരണത്തിൽ ദേഹിയും ആത്മാവും ശരീരത്തിൽനിന്ന് വേർപെടുകയും, പാതാളത്തിന്റെ യാതനാസ്ഥലത്ത് സൂക്ഷിക്കപ്പെടുകയും ചെയ്യുന്നു (ലൂക്കൊ. 16:22-24). രണ്ടാം മരണത്തിൽ, അവിശ്വാസികളുടെ ദേഹിയും ആത്മാവും, പുനരുത്ഥാനത്തിൽ ശരീരത്തോടു ചേർന്നതിനുശേഷം, ശരീരത്തോടുകൂടെ തീപ്പൊയ്കയിലേക്ക് എറിയപ്പെടും. ഇത് അർഥമാക്കുന്നത് ഒരു അവിശ്വാസിയുടെ മുഴുവൻ ആളത്തവും—ആത്മാവും, ദേഹിയും, ശരീരവും—തീപ്പൊയ്കയിലെ നിത്യദണ്ഡനത്തിൽ നശിക്കും എന്നാണ്.

## G. ജീവപുസ്തകത്തിൽ പേരില്ലാത്ത ഏവനെയും തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളയുന്നു

വാക്യം 15 പറയുന്നു, "ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളഞ്ഞു." നശിച്ചുപോകുന്ന അവിശ്വാസികൾ അവരുടെ പ്രവൃത്തികളുടെ രേഖയുള്ള പുസ്തകങ്ങൾക്കൊത്തവണ്ണം വിധിക്കപ്പെടുമെങ്കിലും (വാ. 12-13) അവർ തീപ്പൊയ്കയിലേക്ക് എറിയപ്പെടുന്നത് ജീവന്റെ പുസ്തകത്തിനൊത്തവണ്ണമായിരിക്കും. അവർ കർത്താവിനാൽ കുറ്റംവിധിക്കപ്പെടുന്നത് അവരുടെ ദുഷ്പ്രവൃത്തികൾ നിമിത്തമാണെങ്കിലും, അവർ നശിച്ചുപോകുന്നത് അവരുടെ അവിശ്വാസംനിമിത്തം, അവരുടെ പേരുകൾ ജീവന്റെ പുസ്തകത്തിൽ ഇല്ലാത്തതുനിമിത്തം ആണെന്ന് ഇതു സൂചിപ്പിക്കുന്നു. കർത്താവിൽ

വിശ്വസിക്കാത്തതാണ് നശിച്ചുപോകുവാൻ ജനത്തെ ഇടയാക്കുന്ന നിസ്തുലമായ പാപം (യോഹ. 16:9). തീപ്പൊയ്ക ഒരുക്കപ്പെട്ടിരിക്കുന്നത് പിശാചിനും അവന്റെ ദൂതന്മാർക്കുമാണ്. അവിശ്വാസികൾ പിശാചിനെ അനുഗമിച്ചതിനാൽ അവർ പിശാചിന്റെ ന്യായവിധിക്ക് പങ്കുള്ളവരാകുകയും (യോഹ. 16:11) പിശാചിന്റെ നിത്യദണ്ഡന ത്തിന്റെ സഹപങ്കാളികളായിത്തീരുകയും ചെയ്യും. പിശാചിനെ അനുഗമിച്ച ദൂതങ്ങളും അതേ ദൈവകല്പിതം പങ്കിടും.